**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2808** **12-07-2022 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നി ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യനും കൃഷിക്കും വലിയ വിപത്തായി മാറിക്കഴിഞ്ഞ കാട്ടുപന്നികൾ ക്രമാതീതമായി വർദ്ധിക്കുന്നതിനെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് തയ്യാറാകുമോ; | (എ) | ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും, കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തി വരുന്നുണ്ട്. ടി പഠനത്തിലെ ഇടക്കാല കണ്ടെത്തലുകൾ കൂടി ഉൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും 2021 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ വിശദമായ ഒരു പ്രോജക്റ്റ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ശാസ്ത്രീയമായ ഒരു പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താമോ? | (ബി) | ഷെഡ്യൂൾ III ൽ ഉൾപ്പെട്ട കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് 01.11.2020, 17.06.2021 തീയതികളിൽ അപേക്ഷ നൽകിയിരുന്നതും കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ